**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2072** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>സി-ഡിറ്റിൽ പുതിയ ഡയറക്ടറെ നിയമിക്കുന്നതിനുള്ള ശിപാർശ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. അൻവർ സാദത്ത്

ശ്രീ. അൻവർ സാദത്ത്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** 21.07.2025-ലെ ജി.ഒ.(സാ.ധാ) നം. 170/2025/ITD പ്രകാരം സി-ഡിറ്റിൽ പുതിയ ഡയറക്ടറെ നിയമിക്കുന്നതിനുള്ള ശിപാർശ സർക്കാരിലേക്ക് സമർപ്പിക്കാനുള്ള അടിയന്തിര നടപടികൾ സി-ഡിറ്റ് രജിസ്ട്രാർ സ്വീകരിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവിട്ടിരുന്നോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പുതിയ ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.നിലവിൽ അധിക ചുമതല നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത ഉത്തരവ് അനുസരിച്ച് സി-ഡിറ്റ് രജിസ്ട്രാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; എന്തുകൊണ്ടാണ് സർക്കാർ നിർദ്ദേശം നടപ്പിലാക്കാതെ, ഡയറക്ടർ നിയമന പ്രക്രിയ തുടങ്ങാത്തത് എന്നറിയിക്കുമോ;

**<u>മറുപടി:</u>** പുതിയ ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.നിലവിൽ അധിക ചുമതല നൽകിയിട്ടുണ്ട്.

**(സി)** നിലവിലുള്ള ഡയറക്ടർക്ക് ഫെബ്രുവരി മാസം 65 വയസ്സ് പൂർത്തിയാകുന്ന സാഹചര്യത്തിൽ ചട്ട വിരുദ്ധമായി ഇദ്ദേഹത്തെ പ്രസ്തുത തസ്തികയിൽ തുടരുന്നത് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

**<u>മറുപടി:</u>** പുതിയ ഡയറക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.നിലവിൽ അധിക ചുമതല നൽകിയിട്ടുണ്ട്.

**(ഡി)** നിലവിലുള്ള ഡയറക്ടറുടെ അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ചും അദ്ദേഹത്തിന് എൻ.റ്റി.പി.സി. യിൽ ഉണ്ടായിരുന്നെന്ന് പറയപ്പെടുന്ന മുൻകാല പ്രവർത്തിപരിചയത്തെക്കുറിച്ചും സംശയം പ്രകടിപ്പിച്ചിട്ടുള്ള പരാതികൾ അന്വേഷിച്ച തീർപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് നൽകിയ കുറിപ്പിൽ എന്തു തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പരാതി പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**